**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2579** **12-10-2021 - ൽ മറുപടിയ്ക്ക്**

**സോളാർ പവേർഡ് വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു, ശ്രീ ഐ ബി സതീഷ്, ശ്രീ. എച്ച്. സലാം, ശ്രീ. കെ. പ്രേംകുമാർ** | | **Shri. K. Krishnankutty (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ദേശീയപാതകളിലും തിരക്കേറിയ റോഡുകളിലും സോളാർ പവേർഡ് വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ദേശീയപാതകളിലും, തിരക്കേറിയ റോഡുകളിലും സോളാർ പവേർഡ് വൈദ്യുത ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ അനെർട്ട് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രധാന റോഡുകൾക്ക് സമീപമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മാളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്. |
| (ബി) | ഒരു ജില്ലയിൽ എത്ര ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര കിലോവാട്ടിന്റെ സോളാർ പാനലുകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ 14 ജില്ലകളിലായി ഈ വർഷം 24 സോളാർ പവേർഡ് വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനാണ് അനെർട്ട് തീരുമാനിച്ചിരിക്കുന്നത്. 5 മുതൽ 50 കിലോവാട്ട് വരെ ശേഷിയുള്ള സോളാർ പാനലുകളാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | സോളാർ പാനൽ സ്ഥാപിക്കുന്നതിന് എത്ര രൂപ ചെലവ് വരുമെന്നും സബ്സിഡിയായി എത്ര തുക വരെ അനുവദിക്കുമെന്നും അറിയിക്കാമോ; | (സി) | സോളാർ പാനൽ സ്ഥാപിക്കുന്നതിന് ഒരു കിലോവാട്ടിന് 40,000/- രൂപ മുതൽ 60,000/- രൂപ വരെ ചെലവ് വരും. ഒരു കിലോവാട്ടിന് 20,000/- രൂപ നിരക്കിലാണ് അനെർട്ട് സബ്സിഡി അനുവദിക്കുന്നത്. |
| (ഡി) | ഇത്തരത്തിൽ സോളാർ പാനൽ സ്ഥാപിക്കുമ്പോൾ 50 കിലോവാട്ട് ഉള്ള ചാർജിംഗ് സ്റ്റേഷനിൽ എത്ര കാറുകൾ ചാർജ് ചെയ്യുവാൻ സാധിക്കുമെന്നും ഒരു കാർ ചാർജ് ചെയ്യാൻ എത്ര യൂണിറ്റ് വൈദ്യുതി വേണ്ടിവരുമെന്നും വ്യക്തമാക്കാമോ? | (ഡി) | 50 കിലോവാട്ട് ശേഷിയുള്ള സോളാർ പാനൽ സ്ഥാപിക്കുമ്പോൾ അതിൽ നിന്ന് പ്രതിദിനം ഏകദേശം 200 യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതാണ്. അത് ഉപയോഗിച്ച് ഏകദേശം 8 കാറുകൾ വരെ ചാർജ് ചെയ്യുവാൻ സാധിക്കുന്നതാണ് (ഒരു കാറിന് 25 യൂണിറ്റ് എന്ന കണക്കിൽ). ചാർജ് ചെയ്യാൻ |

| | | | |
|---|---|---|---|
| | | | വേണ്ടിവരുന്ന വൈദ്യുതിയുടെ അളവ് വിവിധ കാറുകളുടെ മോഡൽ അനുസരിച്ച് വ്യത്യാസം വരുന്നതാണ്. നിലവിൽ ഇലക്ട്രിക് കാറിന്റെ ബാറ്ററിയുടെ ശേഷി വിവിധ മോഡൽ അനുസരിച്ച് 25 kWh മുതൽ 44 kWh വരെയാണ്. സാധാരണയായി ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ നിന്ന് കാറിന്റെ ബാറ്ററി ശേഷിയുടെ 80 ശതമാനം വരെയാണ് ചാർജിംഗ് നടക്കുന്നത്. ഇതിനായി ഒരു കാറിന് ഏകദേശം 25 യൂണിറ്റ് വൈദ്യുതി വേണ്ടിവരും. |

സെക്ഷൻ ഓഫീസർ